ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന യുവജന കമ്മീഷൻ

**വികാസ് ഭവൻ തിരുവനന്തപുരം- 695003**

**ഫോൺ 0471 2308630 ഫാക്സ് 0471 2308530**

## കേരള സംസ്ഥാന യുവജന കമ്മീഷൻ 07-06-2019 ന് പുറപ്പെടുവിക്കുന്ന ഉത്തരവ്

**സന്നിഹിതർ : കുമാരി ചിന്താ ജെറോം, (ചെയർപേഴ്സൺ)**
**ശ്രീ.വി. വിനിൽ (കമ്മീഷനംഗം)**
**ശ്രീ.ദീപു രാധാകൃഷ്ണൻ (കമ്മീഷനംഗം)**

**കേസ് നമ്പർ : നം. 34/എ2/2018/കേ.സം.യു.ക.**

| പരാതി കക്ഷി | എതിർ കക്ഷി |
|---|---|
| **ആൻസൺ പി.ഡി.അലക്സാണ്ടർ** | **ഗോപകുമാർ** |
| നിർമ്മിതി | സ്റ്റേഷൻ ഹൗസ് ഓഫീസർ |
| വിളക്കുപാറ പി.ഓ, | എരൂർ പോലീസ് സ്റ്റേഷൻ |
| വിളക്കുപ്പാറ -691312. | കൊല്ലം. |

പരാതികക്ഷിയുടെ പിതാവിന്റെ അനുജന്റെ വീട്ടിൽ എതിർകക്ഷിയും സംഘവും അസമയത്ത് പരിശോധനയ്ക്കായി എത്തിയപ്പോൾ എതിർകക്ഷിയുടെ ആവശ്യപ്രകാരം സഹായം ചെയ്തു കൊടുത്ത പരാതികക്ഷിയുടെ പിതാവിനെ അപമാനിക്കുകയും പിതാവിന്റെ അനുജന്റെ ഭാര്യയെ അധിക്ഷേപിക്കുകയും ചെയ്യുന്നതും സ്ത്രീകളും കുട്ടികളും മാത്രമുള്ള ഒരു വീട്ടിൽ വനിതാ പോലീസിന്റെ സാന്നിദ്ധ്യമില്ലാതെ എത്തിച്ചേർന്ന എതിർകക്ഷിയും സംഘവും അതിക്രമം കാട്ടുന്നതുമായ രംഗങ്ങൾ മൊബൈൽ ഫോണിൽ പകർത്തിയ പരാതിക്കാരനെ കള്ളക്കേസിൽ കുടുക്കി മർദ്ദിക്കുകയും മൊബൈൽ ഫോൺ പിടിച്ചുവാങ്ങി നാശനഷ്ടമുണ്ടാക്കുകയും ചെയ്ത എതിർകക്ഷി ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് എതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാതികക്ഷി കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതിയിൽ ആവശ്യപ്പെടുകയുണ്ടായി. പരാതിയിന്മേൽ കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതും, പരാതികക്ഷി ഉന്നയിക്കുന്ന കാര്യങ്ങൾ വെളിവായിട്ടില്ലായെന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. പരാതിയുടേയും കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ പരാതികക്ഷിയേയും എതിർകക്ഷിയേയും കമ്മീഷൻ നേരിൽ കേട്ടിട്ടുള്ളതാണ്. പോലീസിന്റെ നടപടിയിലും കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിലും പരാതികക്ഷിക്ക് തൃപ്തിയില്ലായെന്നും കൂടുതൽ നിക്ഷ്പക്ഷമായ അന്വേഷണം നടത്തി നിരപരാധിത്വം തെളിയിക്കണമെന്ന് പരാതികക്ഷി കമ്മീഷൻ മുൻപാകെ ബോധിപ്പിച്ചു. എന്നാൽ എതിർകക്ഷി നിയമപരമായ നടപടികൾ മാത്രമേ സ്വീകരിച്ചിട്ടുള്ളൂവെന്ന് ബോധിപ്പിച്ചു. മേൽ സാഹചര്യത്തിൽ കമ്മീഷൻ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

# <u>ഉത്തരവ്</u>

പോലീസിന്റെ നടപടിയിലും കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അന്വേഷണത്തിലും തൃപ്തനല്ലായെന്ന് പരാതികക്ഷി ബോധിപ്പിച്ച സാഹചര്യത്തിൽ, പരാതിയിന്മേൽ ഒരു പുനരന്വേഷണം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നല്കിക്കൊണ്ട് ഉത്തരവാകുന്നു. പരാതിയുടേയും കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റേയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.

**<u>പകർപ്പ്</u>**

1. സംസ്ഥാന പോലീസ് മേധാവി
2. ജില്ലാ പോലീസ് മേധാവി കൊല്ലം റൂറൽ

**(ഒപ്പ്)**

**ചെയർപേഴ്സൺ**

**സെക്രട്ടറി**